**ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം**

---

വിഷയം:- ആവഡ-ജീവനക്കാര്യം- ശ്രീമതി ദീപ എം പി ഫയൽ ചെയ്ത കേസ് നം OA EKM 187/2026 മേൽ അനുപാലനം ചെയ്തു ഉത്തരവ് പുറപ്പെടുവിക്കുന്നു

പരാമർശം:- 1. ബഹു അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ OA EKM 187/2026 നമ്പർ കേസിന്മേൽ പുറപ്പെടുവിച്ച വിധിന്യായം തീയതി 24/06/2026

2. DMOH KNR/708/2026 A5 തീയതി 20/07/2025

3. ശ്രീമതി ദീപ എം പി സമർപ്പിച്ച അപേക്ഷ തീയതി 09/02/2026

**ഉത്തരവ് നം: DHS/15220/2026-EG4 തീയതി:** 24-07-2026

---

കണ്ണൂർ ജില്ലയിലെ കല്യാശ്ശേരി കുടുംബാരോഗ്യ കേന്ദ്രത്തിൽ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II ആയി ജോലി ചെയ്തുവരുന്ന ശ്രീമതി ദീപ എം. പി. തനിക്ക് വീടിന് അടുത്തുള്ള എടക്കാട് / എളയാവൂർ പ്രാഥമികാരോഗ്യ കേന്ദ്രത്തിലേക്ക് സ്ഥലംമാറ്റം അനുവദിക്കണമെന്നും, ടിയാളെ ധർമ്മടത്തേക്ക് സ്ഥലംമാറ്റിക്കൊണ്ടുള്ള 03/02/2026-ലെ DMOH KNR/3403/2025 A2 ഉത്തരവ് റദ്ദാക്കണമെന്നും ആവശ്യപ്പെട്ട് ബഹു അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെ OA EKM 187/2026 പ്രകാരം കേസ് ഫയൽ ചെയ്യുകയും പ്രസ്തുത ഉത്തരവ് താത്ക്കാലികമായി ബഹു അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ OA EKM 187/2026 തീയതി 05/02/2026 പ്രകാരം മരവിപ്പിക്കുകയും ചെയ്തിരുന്നു.

തുടർന്ന് ടി കേസിന്മേൽ ബഹു അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ സൂചന (1) പ്രകാരം ഇപ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ' **Considering the fact that the applicant has approached the second respondent filing Annexure A5, the second respondent is directed to consider and pass orders on Annexure A5 within a period of two weeks from the date of receipt of a copy of this order. Till such orders are issued, the interim order issued by this tribunal on 05.02.2026 shall continue in operation. The fifth respondent shall be permitted to submit a representation highlighting his contentions and that shall also be given due consideration at the time of considering annexure a5.**

ശ്രീമതി ദീപ എം. പി.സമർപ്പിച്ച നിവേദനം വിധി ന്യായത്തിലെ നിർദ്ദേശാനുസരണം വിശദമായി പരിശോധിച്ചു. കണ്ണൂർ ജില്ലാ മെഡിക്കൽ ഓഫീസറിൽ നിന്നും ലഭ്യമായ റിപ്പോർട്ടും അനുബന്ധ

രേഖകളും, ശ്രീ രാജേഷ് സി സി യുടെ അപേക്ഷയും പരിശോധിച്ചതിൽ എടക്കാട് പി. എച്ച്. സി. യിലേക്ക് നിയമനം ലഭിച്ച ശ്രീ രാജേഷ് സി. സി. **16/08/2021** മുതൽ മുഴപ്പിലങ്ങാട് സാമൂഹികാരോഗ്യ കേന്ദ്രത്തിൽ തുടർച്ചയായി ജോലി ചെയ്തുവരികയായിരുന്നു. പൊതുസ്ഥലംമാറ്റത്തിനായുള്ള അപേക്ഷയിൽ ടിയാളുടെ ആദ്യ ഓപ്ഷൻ എടക്കാട് ആയതിനാലാണ് ടിയാൾക്ക് എടക്കാടിലേക്ക് സ്ഥലംമാറ്റം അനുവദിച്ചു നൽകിയത്. ശ്രീ രാജേഷ് സി. സി. ക്ക് സീനിയോറിറ്റി മറികടന്ന് നിയമനം നൽകിയിട്ടില്ല.

അപേക്ഷകയായ ശ്രീമതി ദീപ എം. പി. ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് **II** ആയി സ്ഥാനക്കയറ്റം ലഭിച്ച് **07/09/2024**-ലെ ഉത്തരവ് പ്രകാരം **19/09/2024**-ലാണ് കല്യാശ്ശേരി കുടുംബാരോഗ്യ കേന്ദ്രത്തിൽ ജോലിയിൽ പ്രവേശിച്ചത്. ടിയാൾ **01/10/2015** മുതൽ **18/09/2024** വരെ എളയാവൂരിൽ ജോലി ചെയ്തു വരികയായിരുന്നു.

കൂടാതെ, അപേക്ഷക ആവശ്യപ്പെട്ട എടക്കാട്, എളയാവൂർ എന്നീ കേന്ദ്രങ്ങളിൽ നിലവിൽ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് **II** തസ്തികയിൽ ഒഴിവുകൾ ലഭ്യമല്ല. അപേക്ഷകയുടെ താമസസ്ഥലത്തുനിന്നും ധർമ്മടത്തേക്ക് ഏകദേശം **5** കിലോമീറ്റർ ദൂരം മാത്രമാണുള്ളത് എന്ന് അറിയുന്നു.

മേൽ വിവരിച്ച സാഹചര്യങ്ങളും ജില്ലാ മെഡിക്കൽ ഓഫീസറുടെ റിപ്പോർട്ടും വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, ശ്രീമതി.ദീപ.എം.പി. സമർപ്പിച്ച നിവേദനം നിലവിൽ പരിഗണിക്കുവാൻ നിർവാഹമില്ലാത്തതാണ്.

എടക്കാട് / എളയാവൂർ കേന്ദ്രങ്ങളിൽ ഒഴിവുകൾ വരുന്ന മുറയ്ക്ക്, പൊതുസ്ഥലംമാറ്റ മാനദണ്ഡങ്ങൾക്കും, സീനിയോറിറ്റിക്കും വിധേയമായി ടിയാളുടെ അപേക്ഷ പരിഗണിക്കാവുന്നതാണ്.

ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ പരാമർശം **(1)** വിധിന്യായം ഇതിനാൽ അനുപാലനം ചെയ്തുകൊള്ളുന്നു.

**Dr MEENAKSHY V**

**ആരോഗ്യവകുപ്പ് ഡയറക്ടർ**

സ്വീകർത്താവ്:-

1. ബഹു അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യുണൽ, എറണാകുളം (ആമുഖ കത്ത് സഹിതം )
2. ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം)

കണ്ണൂർ (തുടർനടപടികൾക്കായി)

പകർപ്പ്:-

1.ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റ്

2.കരുതൽ ഫയൽ